18. നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ. നിലയ്ക്കലിൽ ചെറുതും വലുതുമായ പതിനായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

19. കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ

20 പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മറ്റും നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം.

21. കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.

22. സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു

23. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

24. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.

25. പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾക്കു പുറമെ മരക്കൂട്ടം മുതൽ ശരംകുത്തിവരെ പുതിയ 6 കൃ കോംപ്ലക്സുകൾ സ്ഥാപിച്ചു.

(ബി) ദേവസ്വം ബോർഡ് ചെലവഴിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ.

(സി) ഉണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനായി സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത ശബരിമല എന്ന ആശയം നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടവുമായും സർക്കാർ വകുപ്പുകളുമായി യോജിച്ച് എല്ലാ നടപടികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുണ്യം പൂങ്കാവനം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

150 (839) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവതാംകൂർ ദേവസ്വം ബോർഡിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ എത്ര വീതം വേക്കൻസികൾ ഉണ്ട് എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആശ്രിതനിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത് ;

(സി) അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്ന എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് നിയമനം നൽകുന്നതിന് ഗവൺമെന്റ് പ്രത്യേക തീരുമാനം എടുത്ത് നിർദ്ദേശം നൽകാൻ തയ്യാറാകുമോ ?

ഉത്തരം

(എ)	1.	ലോവർ ഡിവിഷൻ ക്ലാർക്ക്	-	65
	2.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	-	7
	3.	പ്യൂൺ	-	40
	4.	സ്വീപ്പർ കം ഗാർഡ്	-	35
	5.	ഫുൾടൈം ശാന്തി	-	25
	6.	പാർട്ട് ടൈം ശാന്തി	-	52
	7.	കഴകം	-	47
	8.	തളി	-	46
	9.	വാച്ചർ	-	93

(ബി&സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമപ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനം എടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

151 (840) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത ഒഴിവുകൾ ഉള്ളതെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly